**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 107** **15-10-2026-ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാര കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യവികസനം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. സി. കെ. കാസിം

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. പി. കെ. ഫിറോസ്

ശ്രീമതി ഫാത്തിമ തഹിലിയ

**മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. സി. വിഷ്ണുനാഥ്

(വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി)

**(എ)** വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സന്ദർശകരുടെ എണ്ണത്തിനനുസൃതമായി അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താൻ കഴിഞ്ഞിട്ടില്ലെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

**മറുപടി:** **വിനോദസഞ്ചാര കേന്ദ്രങ്ങളിലെ** അടിസ്ഥാന സൗകര്യ വികസനത്തിന് വകുപ്പ് അതീവ പ്രാധാന്യം നൽകിവരുന്നു. **വിനോദസഞ്ചാര കേന്ദ്രങ്ങളിലെ സന്ദർശകരുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി എല്ലാ ജില്ലകളിലും നിരവധി പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചുവരുന്നു. സന്ദർശകർക്ക് ആവശ്യമായ സുരക്ഷിതത്വം, വാഹന പാർക്കിംഗ് സൗകര്യം, ശുചിത്വം, താമസം എന്നിവയ്ക്ക് ഊന്നൽ നൽകിയിട്ടുള്ള അവലോകന യോഗങ്ങൾ മൂന്നാർ ഉൾപ്പെടെയുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ചേർന്നിരുന്നു. വിനോദ സഞ്ചാരികൾക്ക് സഹൃദയ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് "ഗ്രീൻ മാർഷൽ " പോലുള്ള പദ്ധതികളും സുരക്ഷിതത്വത്തിനായി ടൂറിസം പോലീസിന്റെ സേവനമടക്കം എല്ലാ ജില്ലകളിലും ലഭ്യമാക്കുന്നതിനും സർക്കാർ തലത്തിൽ നടപടികൾ നടന്നുവരികയാണ്. വിവിധ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ആധുനികസാങ്കേതിക മികവുള്ള ടോയ്‌ലറ്റുകൾ (smart toilets) സ്ഥാപിക്കുന്നതിനാവശ്യമായ നടപടികളും നടപ്പിലാക്കി വരുന്നു.**

**(ബി)** വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ശുചിത്വം, സുരക്ഷ, മാലിന്യസംസ്കരണം, നിരീക്ഷണം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനായി പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** എങ്കിൽ ഏതെല്ലാം കേന്ദ്രങ്ങളിലാണ് ഇത്തരത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**